(ഡി) 4 കിലോമീറ്റർ കനാൽ നിർമ്മിക്കാനുള്ള സ്ഥലമാണ് നാട്ടുകാരിൽനിന്ന് ലഭിച്ചത്.

(ഇ) സൗജന്യമായി ലഭിച്ചതിനാൽ മതിപ്പുവില കണക്കാക്കിയിട്ടില്ല.

(എഫ്) പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ജി) ഇത് സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ ഫയലുകൾ വിജിലൻസ് വകുപ്പിന് കൈമാറിയിരിക്കുന്നതിനാൽ വിവരം നൽകാൻ കഴിയുന്നില്ല.

വെള്ളക്കരം

114 (2026) ശ്രീ. സി. കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾ വെള്ളക്കരം കുടിശ്ശിക വരുത്തിയാൽ കണക്ഷൻ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് എന്തെങ്കിലും മാർഗ്ഗ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിനെതിരെ ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ ;

(സി) വെള്ളക്കരം കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാതിരിക്കുകയും വൻ കുടിശ്ശിക വരുമ്പോൾ യാതൊരു മുന്നറിയിപ്പും കൂടാതെ കണക്ഷൻ വിച്ഛേദിക്കുകയും ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി (വാട്ടർ സപ്ലൈ) റെഗുലേഷൻ 14 (സി) പ്രകാരം പ്രതിമാസ വാട്ടർ സപ്ലൈ ചാർജ്ജ് 30 ദിവസത്തിനകം അടച്ചില്ലെങ്കിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജനീയർക്ക് വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നതിന് അധികാരമുണ്ട്.

(ബി) വാട്ടർ കണക്ഷൻ വിച്ഛേദിക്കുന്നത് നിയമാനുസൃതം ചെയ്യാവുന്നതാണെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) പ്രതിമാസ വാട്ടർ ചാർജ്ജ് വീഴ്ച കൂടാതെ യഥാസമയം അടയ്ക്കേണ്ടത് ഉപഭോക്താവിന്റെ ചുമതലയാണ്. വാട്ടർ ചാർജ്ജ് യഥാസമയം കൃത്യമായി അടയ്ക്കാതിരിക്കുമ്പോഴാണ് വാട്ടർ ചാർജ്ജിൽ കുടിശ്ശിക ഉണ്ടാകുന്നത്, ഇപ്രകാരം കുടിശ്ശിക ഉണ്ടാകുന്ന ഉപഭോക്താക്കൾക്ക്, ബന്ധപ്പെട്ട ഓഫീസിൽ നിന്നും ഒരു നിശ്ചിത കാലാവധിക്കുള്ളിൽ കുടുശ്ശിക അടയ്ക്കാത്ത പക്ഷം വാട്ടർ കണക്ഷൻ വിച്ഛേദിക്കുമെന്ന് മുന്നറിയിപ്പ് നൽകാറുണ്ട്. പ്രസ്തുത കാലാവധിക്കുള്ളിൽ കുടിശ്ശിക അടച്ചില്ലെങ്കിൽ മാത്രമേ വാട്ടർ കണക്ഷൻ വിച്ഛേദിക്കാറുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly